*പൊതു വിദ്യാഭ്യാസ*
*ഡയറക്ടറുടെകാര്യാലയം,*
*ഹയർ സെക്കണ്ടറി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/2/DGE-HSS/2020** **18/11/2020**

# പത്രക്കുറിപ്പ്

**വിഷയം : പ്ലസ്‌വൺ ജില്ല/ ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ റിസൾട്ട് 2020 നവംബർ 19 ന്**

വേക്കൻസി സീറ്റ് അഡ്മിഷനുശേഷമുള്ള വേക്കൻസിയിൽ, ജില്ല /ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനായി അപേക്ഷിക്കാനുള്ള അവസരം **2020 നവംബർ 18 ന് വൈകിട്ട് 4 മണി** വരെ നൽകിയിരുന്നു.. ഇത്തരത്തിൽ ലഭ്യമായ അപേക്ഷകൾ പരിഗണിച്ചുകൊണ്ടുള്ള **ട്രാൻസ്ഫർ അലോട്ട്മെൻറ് റിസൾട്ട് 2020 നവംബർ 19 ന് രാവിലെ 10 മണിമുതൽ പ്രവേശനം സാധ്യമാകത്തക്കവിധം പ്രസിദ്ധപ്പെടുത്തുന്നതാണ്.** ക്യാൻഡിഡേറ്റ് ലോഗിനിലെ **"TRANSFER ALLOT RESULTS"** എന്ന ലിങ്കിലൂടെ റിസൾട്ട് പരിശോധിക്കാനുള്ള സൗകര്യം അതത് സ്കൂൾ പ്രിൻസിപ്പൾമാർ ചെയ്ത് കൊടുക്കേണ്ടതും ട്രാൻസ്ഫർ അലോട്ട്മെൻറ് ലെറ്റർ എടുത്ത് നൽകേണ്ടതുമാണ്. അതേ സ്കൂളിൽ കോമ്പിനേഷൻ മാറ്റം ലഭിച്ചാലും പുതിയ അലോട്ട്മെൻറ് ലെറ്റർ പ്രകാരം പ്രവേശനം മാറ്റി കൊടുക്കേണ്ടതാണ്. യോഗ്യതസർട്ടിഫിക്കറ്റ്, റ്റി.സി, സ്വഭാവസർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധരേഖകൾ എന്നിവയുടെ അസ്സലുകളുമായി അലോട്ട്മെൻറ് ലഭിച്ച സ്കൂൾ/കോഴ്സിൽ അലോട്ട്മെൻറ് ലെറ്ററിൽ അനുവദിച്ചിട്ടുള്ള നിർദ്ദിഷ്ഠ സമയത്ത് പ്രവേശനം നേടേണ്ടതാതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.



പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഇൻ ചാർജ്)